# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 സെപ്റ്റംബർ 06 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## കുടുംബശ്രീ സാമ്പത്തിക ചൂഷണത്തിനുള്ള ഉപാധിയല്ല : മന്ത്രി എ സി മൊയ്തീൻ

കുടുംബശ്രീയെ സാമ്പത്തിക ചൂഷണത്തിനായി ഉപയോഗിക്കരുതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എ സി മൊയ്തീൻ പറഞ്ഞു. തൃശൂർ കോവിലകത്തുംപാടം ജില്ലാ സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ 'മുറ്റത്തെ മുല്ല' ലഘു ഗ്രാമീണ വായ്പ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. കുടുംബശ്രീയിൽ നിന്ന് വായ്പയെടുത്ത് ചെറുകിട സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ ജനങ്ങളിൽ നിന്നും സാമ്പത്തിക ലാഭമുണ്ടാക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ഇത് സംസ്ഥാന സർക്കാർ വെച്ചു പൊറുപ്പിക്കില്ല. മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ ജനങ്ങളിൽ കെട്ടിവയ്ക്കുന്ന വായ്പ ബാധ്യതകൾ നാട്ടിൽ ഏറെ പ്രതിസന്ധികൾ ഉണ്ടാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ധനകാര്യ സംരംഭങ്ങൾ മതപരമായ കാഴ്ചപ്പാടിലും ഏതെങ്കിലും മതത്തെ പ്രതിനിധാനം ചെയ്തും നാട്ടിൽ ഉയർന്നു വരുന്ന സാഹചര്യത്തെ ചെറുക്കണം. ഇതിനെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പോലുള്ള പ്രവർത്തനങ്ങളിലൂടെയാണ് പ്രതിരോധിക്കാൻ കഴിയുക. സഹകരണ ബാങ്കുകൾ രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ അവിഭാജ്യ ഘടകമാണ്. സർക്കാർ സഹകരണ ബാങ്കുകളെ ഉപജീവനമാർഗമായി ഉപയോഗപ്പെടുത്തും. ജില്ലയിൽ സഹകരണ ബാങ്കുകൾ പ്രളയ കാലത്ത് 191 കോടി രൂപയാണ് വായ്പ നൽകിയത്. കെയർ ഹോം പദ്ധതിയിൽപ്പെടുത്തി 500 വീടുകളും നൽകാനായി. ഇത് ജനങ്ങളുടെ കൂട്ടായ വിജയമാണ്. സഹകരണ സ്ഥാപനങ്ങളുടെ കൈവശമുള്ള പണം നാടിന്റെ പണമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാന സർക്കാർ ഓണക്കാലത്തിനു മുൻപായി 55 ലക്ഷം പേർക്ക് ക്ഷേമ പെൻഷനുകൾ നൽകി. 4,17,000 തൊഴിലാളികൾക്ക് 1000 രൂപ വീതം നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രളയകാലത്ത് 10,000 രൂപ ലഭിക്കാത്തവർ അർഹരാണെങ്കിൽ പരിശോധന നടത്തി ബോധ്യപ്പെട്ടാൽ അവർക്കു തുക നൽകുമെന്നും മന്ത്രി വ്യക്തമാക്കി. യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് അധ്യക്ഷത വഹിച്ചു. മേയർ അജിത വിജയൻ മുഖ്യാതിഥിയായി. ജില്ലാ കളക്ടർ എസ് ഷാനവാസ് വായ്പ വിതരണം ഉദ്ഘാടനം ചെയ്തു. തൃശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ടി കെ സതീഷ് കുമാർ പദ്ധതി വിശദീകരിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് അസോസിയേഷൻ ജില്ലാ സെക്രട്ടറി പി എസ് വിനയൻ, പി എ സി എസ് ജില്ലാ സെക്രട്ടറി കെ മുരളീധരൻ, കോർപ്പറേഷൻ സെക്രട്ടറി എ എസ് അനൂജ, എം കെ കണ്ണൻ തുടങ്ങിയവർ പങ്കെടുത്തു. ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) ടി ഹരിദാസ് സ്വാഗതവും കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജോതിഷ്കുമാർ നന്ദിയും പറഞ്ഞു.

## ഗവ. ചീഫ് വിപ്പും ജില്ലാ കളക്ടറും പീച്ചി ഡാം സന്ദർശിച്ചു

ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജനും ജില്ലാ കളക്ടർ എസ് ഷാനവാസും പീച്ചി ഡാം സന്ദർശിച്ച് ഡാമിന്റെ സുരക്ഷ ചുമതലുള്ള ഉദ്യോഗസ്ഥരിൽ നിന്ന് കാര്യങ്ങൾ വിലയിരുത്തി. വാട്ടർ ലെവൽ ഉയർന്നതിനെ തുടർന്നാണ് ഗവ. ചീഫ് വിപ്പും ജില്ലാ കളക്ടറും ഡാം സന്ദർശിച്ചത്. ജനങ്ങൾക്ക് ആശങ്ക വേണ്ടെന്നും ഇവർ അറിയിച്ചു. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ വി അനിതയും ഒപ്പമുണ്ടായിരുന്നു.

# അഴീക്കോട് -മുനമ്പം ജങ്കാർ സർവ്വീസ്:
# മന്ത്രി ജെ. മേഴ്സികുട്ടിയമ്മയുടെ സാന്നിധ്യത്തിൽ
# ഉന്നതതല യോഗം ചേരും

അഴീക്കോട്-മുനമ്പം ജങ്കാർ സർവ്വീസ് പുനസ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇരുകടവുകളിലും ബൊള്ളാർഡ് പോളുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ ആരംഭിക്കുന്നതിനായി ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ ഫിഷറീസ് -തുറമുഖ വകുപ്പ് മന്ത്രി ജെ. മേഴ്സികുട്ടിയമ്മയുടെ സാന്നിധ്യത്തിൽ ഉന്നതതല യോഗം വിളിച്ചുചേർക്കാൻ തീരുമാനം. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീന്റെ അധ്യക്ഷതയിൽ കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. തിരുവനന്തപുരത്താണ് യോഗം ചേരുക. നിർമ്മാണ പ്രവർത്തികൾക്ക് 3 തവണ ടെൻഡർ നടത്തിയെങ്കിലും കരാറുകാർ എറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് ഉന്നതതല യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചത്. നിലവിൽ ടെൻഡർ സമർപ്പിച്ചിട്ടുള്ളത് ഒരു കരാറുകാരൻ മാത്രമാണ്. എന്നാൽ കരാറുകാരൻ സമർപ്പിച്ച തുക ഹാർബർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിനേക്കാൾ കൂടുതലായതിനാൽ ടെൻഡർ നടപടികൾ അനിശ്ചിതത്വത്തിലായ സാഹചര്യത്തിലാണ് കളക്ട്രേറ്റിൽ അടിയന്തിര യോഗം മന്ത്രി വിളിച്ചുചേർത്തത്. നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് നിലവിലെ എസ്റ്റിമേറ്റ് പുതുക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാൻ തുറമുഖവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മന്ത്രി നിർദേശം നൽകി. ഇനം തിരിച്ച് തുകകൾ വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന് പരിശോധിക്കാനും മന്ത്രി നിർദേശിച്ചു. ഈ മാസം 25 ാം തീയതിക്കുള്ളിൽ പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കി നൽകണം. എസ്റ്റിമേറ്റ് ലഭിച്ചതിനുശേഷമാണ് തിരുവനന്തപുരത്ത് ഉന്നതതല യോഗം നടക്കുകയെന്നും മന്ത്രി പറഞ്ഞു. ഒരുവർഷമായി മുടങ്ങികിടക്കുന്ന അഴീക്കോട് -മുനമ്പം ജങ്കാർ സർവ്വീസ് അടിയന്തിരമായി പുനസ്ഥാപിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവത്തികൾ അതിവേഗത്തിൽ ആരംഭിച്ച് ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുമെന്നും മന്ത്രി പറഞ്ഞു. ടൈസൺ മാസ്റ്റർ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ്, ജില്ലാ കളക്ടർ എസ്. ഷാനവാസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ.കെ. ഉദയപ്രകാശ്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ജില്ലയിലെ സ്കൂൾ വിദ്യാർത്ഥിനികൾക്കും ജില്ലാ പഞ്ചായത്തിന്റെ ഷീ-പാഡ്

ജില്ലാ പഞ്ചായത്തിന്റെ അഭിമാന പദ്ധതികളിലൊന്നായ ഷീ-പാഡ് പദ്ധതി ഇനി മുതൽ ജില്ലയിലെ എയ്ഡഡ് സ്കൂകൂളുകളിലും. രണ്ടാം ഘട്ട പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായാണ് എയ്ഡഡ് സ്കൂളുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ നടന്ന അദ്ധ്യാപക സംഗമം പരിശീലന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് സ്കൂകൂളുകൾക്ക് അനുവദിച്ച വെന്റിംഗ് മെഷീനുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. 'ബാല സൗഹൃദ ജില്ല്' എന്ന ആശയത്തെ ആധാരമാക്കി കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങൾ ലഭ്യമാക്കിക്കൊടുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് പറഞ്ഞു.

തദ്ദേശീയമായി നിർമിച്ച പാഡുകളാണ് ഗവ., എയ്ഡഡ് സ്കൂളുകൾക്ക് അനുവദിച്ച വെന്റിംഗ് മെഷീനുകൾ മുഖേന ലഭ്യമാക്കുക. 2017- 18 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി ആകെ 2.75 കോടി രൂപയുടെ ഭരണാനുമതിയോടെയാണ് പദ്ധതി തുടങ്ങിയത്. വെന്റിംഗ് മെഷീനുകൾ കൂടാതെ സാനിറ്ററി നാപ്കിൻസുകൾ സംസ്കരിക്കുന്നതിനുള്ള ഇൻസിനറേറ്ററുകൾ കൂടി ഇതോടൊപ്പം വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആദ്യഘട്ടത്തിൽ ഗവ. സ്കൂളുകളിൽ മാത്രമായി 270 വെന്റിംഗ് മെഷീനുകളും 2018 - 19 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ 29 എയ്ഡഡഡ് സ്കൂളുകളും വടക്കാഞ്ചേരി താലൂക്ക് ഹോസ്പിറ്റലും ഉൾപ്പെടെ 30

സ്ഥാപനങ്ങളിലേക്കും മെഷീനുകൾ വിതരണം ചെയ്യുന്നു. ഇതിനു പുറമേ ജില്ലയിൽ സാനിറ്ററി നാപ്കിനുകളുടെ മൂന്ന് നിർമ്മാണ കേന്ദ്രങ്ങൾ മുണ്ടൂർ, ചൂണ്ടൽ, ചാഴൂർ എന്നിവിടങ്ങളിലായി കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണത്തോടെ പ്രവർത്തനവും തുടങ്ങി.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഉദയ പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. വനിതാ ക്ഷേമ ഓഫീസർ എം. മിനി പദ്ധതി വിശദീകരിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ പത്മിനി ടീച്ചർ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ശങ്കരനാരായണൻ, നൗഷാദ് കൈതവളപ്പിൽ, കെ.ജയശങ്കർ, ഡി.ഡി. എഡ്യു. കുസുമം ടീച്ചർ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ സിണ്ടി മോഹൻദാസ് സ്വാഗതവും ചാഴൂർ ഹരിത കെയർ സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ് പ്രസിഡന്റ് സുജാത പാടൂർ നന്ദിയും പറഞ്ഞു.

## താമരവെള്ളച്ചാൽ കോളനിയിൽ ഇത്തവണ സമൃദ്ധിയുടെ ഓണം

ഒല്ലൂർ നിയോജക മണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ താമരവെള്ളച്ചാൽ പട്ടികവർഗ കോളനിയിൽ ഇത്തവണ സമൃദ്ധിയുടെ പൊന്നോണം. ഇവിടുത്തെ അന്തേവാസിക ളായ 55 കുടുംബങ്ങൾക്ക് സർക്കാരും പട്ടിക വർഗ വികസന വകുപ്പും ജില്ലാഭരണകൂടവും ചേർന്ന് ഓണപ്പുടവയും ഓണക്കിറ്റുകളും നൽകിയപ്പോൾ നാടും നാട്ടുകാരും ആഹ്ലാദത്തിലായി. സർക്കാ രിനു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എ സി മൊയ്തീനും ജില്ലാ ഭരണകൂടത്തിനു വേണ്ടി ജില്ലാ കളക്ടർ എസ് ഷാനവാസുമാണ് ഓണപ്പുടവയുടെയും ഓണക്കിറ്റും വിതരണം നട ത്തിയത്.

ഊരിലെ മൂപ്പൻ മണിക്കുട്ടനും മുതിർന്ന സ്ത്രീ കല്യാണി രാമനുമാണ് ആദ്യത്തെ ഓണസ മ്മാനം ഏറ്റുവാങ്ങിയത്. തുടർന്ന് മറ്റ് അന്തേവാസികളും സന്തോഷത്തോടെ തങ്ങൾക്ക് സർക്കാർ നൽകിയ ഓണസമ്മാനം സ്വീകരിച്ചു. കോളനിയിലെ കമ്മ്യൂണിറ്റി ട്യൂട്ടോറിയൽ സെന്റർ ഹാളിൽ മഴയെപ്പോലും വകവയ്ക്കാതെ അന്തേവാസികൾ തിങ്ങിനിറഞ്ഞു. സംസ്ഥാന സർക്കാരിന്റെയും പട്ടിക വികസന വകുപ്പിന്റെയും ആഭിമുഖ്യത്തിൽ അരി, പഞ്ചസാര, വെളിച്ചെണ്ണ, മുളക്പൊടി, ചെറുപയർ, ശർക്കര, തുവരപ്പരിപ്പ്, ഉപ്പ് തുടങ്ങിയവയടങ്ങിയ കിറ്റുകളാണ് വിതരണം ചെയ്തത്. കോളനിയിലെ 60 വയസ്സു തികഞ്ഞവർക്ക് മുണ്ടും സാരിയും നൽകി. ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ അരി, ധാന്യങ്ങൾ, ബക്കറ്റ്, പായ എന്നിവയടങ്ങിയ ഇരുപത് ഇനങ്ങളും വിത രണം ചെയ്തു.

ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ സർക്കാർ ശ്രമിക്കു മെന്നും അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവരിലെത്തിക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തി ല്ലെന്നും സൗജന്യ ഓണക്കിറ്റിന്റെയും ഓണക്കോടിയുടെയും വിതരണോദ്ഘാടനം നിർവഹിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എ സി മൊയ്തീൻ പറഞ്ഞു. ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ അധ്യക്ഷത വഹിച്ചു. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ വി അനിത, ജില്ലാ പഞ്ചായത്തംഗം ഇ. എം ഓമന, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ കെ എസ് സുമേഷ്, ജില്ലാ പട്ടികവർഗ ക്ഷേമ ഓഫീസർ സന്തോഷ്, തൃശൂർ താലൂക്ക് തഹസിൽദാർ ഐ എ സുരേഷ് എന്നിവർ പങ്കെടുത്തു.

## ഗുണനിലവാരമില്ലാത്ത മരുന്നുകൾ: വിൽസൻ ടേപ്പ്സിന് ശിക്ഷ

ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് 1940 ലെ ചട്ടങ്ങൾക്ക് വിരുദ്ധമായി ഗുണനിലവാ രമില്ലാത്ത പ്ലാസ്റ്റർ ഓഫ് പാരീസ് ബാൻഡേജ് ബി പി എന്ന മരുന്നിന്റെ ഒൻപത് ബാച്ചുകൾ നിർമ്മിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും വിതരണം നട ത്തിയതിന് ഗുജറാത്തിലെ ഗൊസാരിയിലുള്ള വിൽസൻ ടേപ്പ്സ് പ്രൈവറ്റ് ലിമിറ്റഡിനേയും ഡയറ ക്ടറായ പട്ടേൽ യാഷന്ത് ഭായി നിതാലിനേയും കുറ്റാക്കാരാണെന്നു കണ്ടെത്തി കുന്നംകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ശിക്ഷിച്ചു. ഒന്നാം പ്രതിയായ മരുന്നു നിർമ്മാണ

കമ്പനിക്ക് പിഴയായി 25000 രൂപയും രണ്ടാം പ്രതിയായ ഡയറക്ടർക്ക് ഒരു വർഷം തടവും 25000 രൂപ പിഴയും ശിക്ഷ വിധിച്ചു.

കേസിനാസ്പദമായ മരുന്നുകൾ പരിശോധനയക്കെടുത്തതും തുടരന്വേഷണം നടത്തി കേസുകൾ ഫയൽ ചെയ്തതും തൃശൂരിലെ അസി. ഡ്രഗ്സ് കൺട്രോളർ പി എം ജയൻ, ഡ്രഗ്സ് ഇൻസ്പെക്ടർമാരായ എം പി വിനയൻ, വി എ വനജ എന്നിവരാണ്. പ്രസ്തുത കേസിൽ സർക്കാരിന് വേണ്ടിഅസി. പബ്ലിക് പ്രോസിക്യൂട്ടർ സുരേഷ് ചന്ദ്രൻ ഹാജരായി.

## പൂക്കളമൊരുക്കാൻ കയ്പമംഗലം ഫിഷറീസ് സ്കൂളിന്റെ ചെണ്ടുമല്ലി

ഓണത്തിന് പൂക്കളമൊരുക്കാൻ പൂ കൃഷിയുമായി സ്കൂൾ വിദ്യാർത്ഥികൾ. കയ്പമംഗലം ഗവ. ഫിഷറീസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഇരുനൂറോളം വിദ്യാർത്ഥികളാണ് ചെണ്ടുമല്ലി വിരിയിച്ച് വിസ്മയം തീർക്കുന്നത്. സ്കൂളിലെ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിലാണ് കൃഷി. ബാംഗ്ലൂരിൽ നിന്ന് ഇറക്കുമതി ചെയ്ത ഹൈബ്രോയ്ഡ് വിഭാഗത്തിൽ പെട്ട ആയിരം തൈകൾ ആണ് നട്ടത്. 300 കിലോ പൂക്കൾ വിളവെടുക്കാനാകുമെന്ന് അദ്ധ്യാപിക എം. എസ് ബീന പറഞ്ഞു. മുൻവർഷങ്ങളിൽ 800 കിലോ പൂക്കൾവരെ വിളവെടുത്തു. കഴിഞ്ഞ വർഷം വിതച്ചെങ്കിലും പ്രളയത്തിൽ നശിച്ചു പോയി. 2015ലാണ് സ്കൂളിൽ പച്ചക്കറി, പൂ കൃഷി ഇറക്കാൻ തീരുമാനിക്കുന്നത്. രാമത്ത് ജോഷി എന്നയാളുടെ തരിശായി കിടന്ന നിലം ഇതിനായി തെരഞ്ഞെടുത്തു. കാട് പിടിച്ചു കിടന്ന സ്ഥലം അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ പരിശ്രമത്തിലൂടെ മികച്ച വിളനിലമായി. പാപ്പിനിവട്ടം സർവീസ് സഹകരണ ബാങ്ക് ആണ് ഇറിഗേഷനുള്ള സഹായം നൽകിയത്. കൃഷിഭവൻ ഓഫീസർ അനില കൃഷിയ്ക്ക് വേണ്ട മാർഗനിർദേശങ്ങൾ കൊടുത്ത് വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകി. പൂകൃഷിക്കൊപ്പം തക്കാളി, വെണ്ട, വഴുതന,കപ്പ,പച്ചമുളക് എന്നിവയും കൃഷി ചെയ്യുന്നുണ്ട്. വരുംവർഷങ്ങളിൽ കൂടുതൽ പൂകൃഷി ചെയ്യാമെന്ന പ്രതീക്ഷയിലാണ് ഇവർ. വഴുതന,കപ്പ,പച്ചമുളക് എന്നിവയും കൃഷി ചെയ്യുന്നുണ്ട്. വരുംവർഷങ്ങളിൽ കൂടുതൽ പൂകൃഷി ചെയ്യാമെന്ന പ്രതീക്ഷയിലാണ് ഇവർ.

## ഫിഷറീസ് വകുപ്പിന്റെ സാഫ് ഓണം വിപണന മേള ഇന്ന് മുതൽ (സെപ്റ്റംബർ 7)

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള വനിതാ ശാക്തീകരണ സംഘടനയായ സാഫിന്റെ (സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വുമൺ)ഓണം ഉത്പന്നങ്ങളുടെ വിപണനവും പ്രദർശനവും ഇന്ന് (സെപ്റ്റംബർ 7) മുതൽ 10 വരെ കൊടുങ്ങല്ലൂർ പോലീസ് മൈതാനിയിൽ നടത്തും. കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ ഉദ്ഘാടനം ചെയ്യും. അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും. മേളയോടനുബന്ധിച്ച് സ്വാദിഷ്ഠമായ മത്സ്യവിഭവങ്ങൾ ഉൾപ്പെടുത്തി ഫുഡ് കോർട്ടും പയാസമേളയും സംഘടിപ്പിക്കുമെന്ന് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ പ്രശാന്ത് അറിയിച്ചു.

## ടെണ്ടർ

ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്ക് ഈ സാമ്പത്തിക വർഷം കരാറടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുവാൻ ടെണ്ടർ ക്ഷണിച്ചു. ഫോൺ: 0487-2973280.

## റാങ്ക്പട്ടിക റദ്ദായി

തൃശൂർ ജില്ലയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ (ടെക്സറ്റൈൽ ടെക്നോളജി) തസ്തികയുടെ (കാറ്റഗറി നമ്പർ 563/13) തെരഞ്ഞെടുപ്പിനുവേണ്ടി 2016 മാർച്ച് 17 ന് നിലവിൽ വന്ന റാങ്ക്പട്ടിക കാലാവധി പൂർത്തിയായതിനെ തുടർന്ന് 2019 മാർച്ച് 16 അർദ്ധരാത്രി മുതൽ റദ്ദായതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

# ക്ഷീരകർഷകർക്കായി അന്തിക്കാട്ട് വിവിധ പദ്ധതികൾ

അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ ക്ഷീരകർഷകർക്കായി വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തു. അന്തികാട് ഗ്രാമപഞ്ചായത്തു, പാൽ വിതരണ സഹകരണ സംഘം, സർവീസ് സഹകരണ സംഘം 818, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ സംയുക്തമായി പഞ്ചായത്തിലെ ക്ഷീരകർഷകരുടെ വികസനത്തിനായാണ് വിവിധ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. 10 ലക്ഷം രൂപ വകയിരുത്തി 12 ക്ഷീരകർഷകർക്ക് സൗജന്യമായി തൊഴുത്തു നിർമാണവും, പാലിന്റെ അധിക വിലനൽകൽ, ക്ഷീരവികസന വകുപ്പ് ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി എന്നിവയാണ് ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്നത്. അന്തിക്കാട് പലവിതരണ സഹകരണസംഘം ഹാളിൽ വച്ചുനടന്ന പരിപാടി എം എൽ എ ഗീത ഗോപി ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത്പ്രസിഡന്റ് എ വി ശ്രീവത്സൻ അധ്യക്ഷനായി, ബ്ലോക്ക് പ്രസിഡന്റ് പി സി ശ്രീദേവി മുഖ്യതിഥിയായി, പാൽ വിതരണ സംഘം പ്രസിഡന്റ് കെ വി രാജേഷ്, അന്തികാട് സർവീസ് സഹകരണ സംഘം പ്രസിഡന്റ് കെ ജി ഭുവനൻ, പഞ്ചായത്ത് അംഗങ്ങൾ, ക്ഷീര കർഷകർ എന്നിവർ പങ്കെടുത്തു.

# ഓണകിറ്റ് നൽകി

ചേലക്കര നിയോജകമണ്ഡലത്തിലെ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കുള്ള ഓണകിറ്റ് വിതരണ നടന്നു. പഴയന്നൂർ പഞ്ചായത്തിലെ മാൻകുളമ്പ് കോളനിയിൽ വെച്ച് യു.ആർ.പ്രദീപ് എം.എൽ.എ. ഉദ്ഘാടനം നിർവഹിച്ചു. മണ്ഡലത്തിലെ പട്ടികവർഗ്ഗത്തിൽപെട്ട 113 കുടുംബങ്ങൾക്കാണ് ഓണകിറ്റ് വിതരണം ചെയ്തത്. 15 കിലോഗ്രാം അരിയും, പഞ്ചസാരയും അടക്കമുള്ള ഒമ്പത് ഇനം പലവ്യഞ്ജനങ്ങളാണ് കിറ്റിലുള്ളത്. യോഗത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശോഭന രാജൻ അധ്യക്ഷത വഹിച്ചു. പഴയന്നൂർ ബ്ലോക്ക്പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. പത്മകുമാർ, പഴയന്നൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.പി. ശ്രീജയൻ, ഗ്രാമപഞ്ചായത്ത് മെമ്പർ എൻ,വി. നാരായൻകുട്ടി, എ.കെ. രമ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ രാധാകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.

# വെങ്ങാനെല്ലൂരിൽ സഹകരണ ഓണച്ചന്ത

വെങ്ങാനെല്ലൂരിൽ സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ 'സഹകരണ ഓണച്ചന്ത 2019'. യു.ആർ. പ്രദീപ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കുറഞ്ഞ നിരക്കിൽ ഓണച്ചന്തയിൽ പലവ്യഞ്ജനങ്ങൾക്കൊപ്പം, ചെങ്ങാലിക്കോടൻ നേന്ത്രകായ ഉപയോഗിച്ച് ഉണ്ടാക്കിയ ചിപ്പ്സ്, ശർക്കര ഉപ്പേരിയും മുതലായവയും വിൽപ്പനക്കു വക്കുന്നുണ്ട്. തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വേണ്ടി ബാങ്ക് ജീവനക്കാരും ഡയറക്ടർ ബോർഡും ചേർന്ന് സമാഹരിച്ച 31,548 രൂപയുടെ ചെക്ക് എം.എൽ.എ ഏറ്റുവാങ്ങി. ചേലക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗായത്രി ജയൻ, പൊതുപ്രവർത്തകരായ കെ. നന്ദകുമാർ, ടി.എൻ. പ്രഭാകരൻ, ഒ.എസ്. സജി, തുടങ്ങിയവർ സംസാരിച്ചു. ബാങ്ക് പ്രസിഡന്റ് എം.വി. മനോജ് കുമാർ സ്വാഗതവും , വൈസ് പ്രസിഡന്റ് പി.ബി. ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

# പോഷൻ മാ:
# ആലോചന യോഗം ഇന്ന്

വനിതകൾ, കൗമാരപ്രായക്കാർ, ശിശുക്കൾ എന്നിവരിലെ പോഷകാഹാരക്കുറവ് പരിഹരി ക്കുന്നതിന്ന പദ്ധതിയായ പോഷൻ മായുടെ ആലോചന യോഗം ഇന്ന് (സെപ്റ്റംബർ 7) വൈകീട്ട് നാലിന് എഡിഎമ്മിന്റെ ചേമ്പറിൽ ചേരും.